# ജാമ്യം

കോടതി ആവശ്യപ്പെടുമ്പോൾ എത്താമെന്ന വ്യവസ്ഥയിൽ ഒരാളെ നിയമപരമായ കസ്റ്റഡയിൽ നിന്ന് മോചിതനാക്കുന്നതിനാണ് ജാമ്യം എന്നു പറയുന്നത്. കുറ്റവാളിയെന്ന് സംശയിക്കുന്ന വ്യക്തിയുടെ സാന്നിദ്ധ്യം കുറ്റാന്വേഷണസമയത്തും വിചാരണയുടെയും ശിക്ഷ നൽകുന്ന വേളയിലും ഉറപ്പാക്കുകയാണ് അറസ്റ്റിന്റെ ലക്ഷ്യം. പക്ഷേ ഒരാൾ കുറ്റവാളിയാണെന്ന് തെളിയിക്കപ്പെടുന്നതുവരെ അയാളുടെ സ്വാതന്ത്ര്യവും അതോടൊപ്പം നിയമവ്യവസ്ഥയുടെ താൽപ്പര്യങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഈ രണ്ട് കാര്യങ്ങളും ജാമ്യവ്യവസ്ഥയിലൂടെ സംരക്ഷിക്കപ്പെടുന്നു. കുറ്റവാളിയെന്നു സംശയിക്കുന്നയാളെ ബലപ്രയോഗത്താൽ ഹാജരാക്കാതെ ആവശ്യപ്പെടുമ്പോൾ അയാൾ സ്വയം ഹാജരാവുകയാണെങ്കിൽ നീതിവ്യവസ്ഥയും വ്യക്തിയുടെ സ്വാതന്ത്ര്യവും ഒരേപോലെ സംരക്ഷിക്കപ്പെടുന്നു. ഇതാണ് ജാമ്യവ്യവസ്ഥയുടെ ലക്ഷ്യം. ജാമ്യത്തിലിരിക്കുമ്പോഴും അയാൾ കോടതിയുടെ കസ്റ്റഡിയിലാണെന്നാണ് കണക്കാക്കപ്പെടുന്നത്.

## മുൻകൂർ ജാമ്യം

ഒരു വ്യക്തി അറസ്റ്റിലാകുന്നതിനു മുമ്പ് തന്നെ അയാളെ ജാമ്യത്തിൽ വിടാനായി കോടതി പുറപ്പെടുവിക്കുന്ന ഉത്തരവാണ് മുൻകൂർ ജാമ്യം. ജാമ്യം ലഭിയ്ക്കാത്ത കുറ്റം ചുമത്തി അറസ്റ്റ് ചെയ്യപ്പെടാനിടയുണ്ടെന്ന് ബോധ്യമുള്ളപ്പോഴാണ് മുൻകൂർ ജാമ്യത്തിനായി കോടതിയിൽ അപേക്ഷിക്കുന്നത്. മുൻകൂർ ജാമ്യം എന്നത് ജാമ്യമല്ല ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ അയാളെ ജാമ്യത്തിൽ വിടാനുള്ള ഒരു ഉത്തരവ് മാത്രമാണിത്. അറസ്റ്റിലാകാത്ത വ്യക്തിയ്ക്ക് ജാമ്യം ആവശ്യമില്ലാത്തതുകൊണ്ട് അറസ്റ്റ് ചെയ്യപ്പെടുമ്പോൾ മാത്രമേ ആ ഉത്തരവ് പ്രാബല്യത്തിലാവുകയുള്ളൂ.

**Lalith Babu, Palakkad**